പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1278 — 12-06-2014 ലെ മറുപടിക്ക്

ദേശീയപാതയുടെ വികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.വി. ശ്രേയാംസ്കുമാർ<br>,, പി.സി. ജോർജ്ജ്<br>,, ഡോ. എൻ. ജയരാജ്<br>,, റോഷി അഗസ്റ്റിൻ | ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ദേശീയപാതയുടെ വികസനം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്നുവോ; എങ്കിൽ ഇപ്രകാരം തീരുമാനങ്ങൾ എടുക്കുന്നതിന് പ്രേരകമായ ഘടകങ്ങൾ എന്തെല്ലാമാണ്. | (എ) കേരളത്തിലെ ദേശീയപാത 17ഉം 47 ഉം ബി.ഒ.റ്റി വ്യവസ്ഥയിൽ സർവ്വീസ് റോഡോടുകൂടി നാലുവരി പാതയായി വികസിപ്പിക്കുവാൻ കേന്ദ്രമന്ത്രാലയം ദേശീയപാത അതോറിറ്റിയെ ഏൽപ്പിക്കുകയുണ്ടായി. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടാകാത്തതിനാൽ ദേശീയപാത 17ന്റെ കുറ്റിപ്പുറം മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗവും എൻ.എച്ച് 47 ന്റെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗവും പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കി കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 30 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമായ ഇടങ്ങളിൽ, കേന്ദ്രസർക്കാരിന്റെ സഹായത്തോടെ റോഡിന്റെ വികസനം ഏറ്റെടുത്ത് നടത്തുവാനുള്ള സാധ്യതകൾ പൊതുമരാമത്ത് വകുപ്പ് പരിശോധിച്ചുവരുന്നു. |
| (ബി) ദേശീയപാതയുടെ വികസനത്തിന് റോഡിന്റെ വീതി എപ്രകാരമായിരിക്കണം എന്നത് സംബന്ധിച്ച് സമവായമുണ്ടാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) ദേശീയപാത അതോറിറ്റിയുടെ മാർഗ്ഗരേഖപ്രകാരം നാലുവരി പാതയായി റോഡു വികസിപ്പിക്കുന്നതിന് 60 മീറ്റർ വീതി ആവശ്യമാണ്. എന്നാൽ സ്ഥല ലഭ്യത സംബന്ധിച്ച കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ഇത് 45 മീറ്റർ ആയി നിജപ്പെടുത്തുവാൻ കേന്ദ്രസർക്കാർ സമ്മതിച്ചിട്ടുണ്ട്. |

(സി) റോഡുവികസനത്തിന് ഭൂമി വിട്ടുനൽകുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരത്തിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) നിലവിലെ നിയമപ്രകാരം ദേശീയ പാതകൾക്ക് സ്ഥലമെടുക്കുമ്പോൾ 1956-ലെ നാഷണൽ ഹൈവേ ആക്ട് പ്രകാരം സി.എ.എൽ.എ. (CALA) നിശ്ചയിക്കുന്ന തുകയാണ് നഷ്ടപരിഹാരമായി നൽകുന്നത്.

(ഡി) അനുദിനം നിരത്തിലിറക്കുന്ന വാഹനങ്ങളുടെ വർദ്ധനവും ഭാവി റോഡുവികസനവും കണക്കിലെടുത്ത്, ഭൂമി വിട്ടുനൽകുന്നവർക്ക് ആകർഷകമായ നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പുവരുത്തി ഭൂമി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) വികസനപ്രവർത്തനങ്ങൾക്കായി ഭൂമി വിട്ടുനൽകുന്നവർക്ക് ആകർഷകമായ നഷ്ടപരിഹാരവും പുനരധിവാസവും നൽകുന്നതിനായി സംസ്ഥാന സർക്കാർ അംഗീകരിച്ച R & R പാക്കേജ് അനുസരിച്ച് നഷ്ടപരിഹാരവും നൽകണമെന്നതാണ് സർക്കാരിന്റെ നയം.

സെക്ഷൻ ഓഫീസർ